ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.

(സി) പ്രവാസികളുടെ തൊഴിൽ നഷ്ടം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം തുടർന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

തൊഴിൽരഹിതരായ പ്രവാസികളെ സംബന്ധിച്ച വിവരങ്ങൾ

71 (1433) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് നാട്ടിൽ മടങ്ങിയെത്തിയ തൊഴിൽരഹിതരായ പ്രവാസികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ?

കോവിഡ് ജാഗ്രത പോർട്ടലിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം കോവിഡ് മഹാമാരിയെ തുടർന്ന് 22-7-2021 വരെ 1113997 പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയിട്ടുണ്ട്.

(ബി) തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കിവരുന്നു. പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പിൻതുണ നൽകുന്ന ഈ പദ്ധതിയിൽ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3 ശതമാനം പലിശ സബ്സിഡിയുമാണ് ലഭിക്കുക. തിരികെ വന്ന് സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പ് മിഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ തുടങ്ങിയ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രോജക്ട്സിനും ഈ പദ്ധതി മുഖേന വായ്പ നൽകിവരുന്നു. കോവിഡ് പ്രതിസന്ധിമൂലം തിരിച്ചുവരുന്ന പ്രവാസികൾക്കുവേണ്ടി നടപ്പിലാക്കുന്ന പുനരധിവാസ പുനർസംയോജന പദ്ധതിക്ക് മാത്രമായി 50 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ, തൊഴിൽദാതാക്കളിൽനിന്ന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഇന്ത്യൻ എംബസികൾ വഴി സഹായം തേടുന്നതിനുള്ള സംവിധാനവും നോർക്ക വകുപ്പ് ഒരുക്കിയിട്ടുണ്ട്. ആയിരം കോടി രൂപയുടെ പ്രത്യേക സഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികൾ

72 (1434) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട എത്ര പ്രവാസി മലയാളികൾ നാട്ടിലേയ്ക്ക് മടങ്ങിയെത്തിയിട്ടുണ്ട്; വിവരം ലഭ്യമാക്കാമോ?

കോവിഡ് ജാഗ്രതാ പോർട്ടലിലെ ഡാറ്റപ്രകാരം കോവിഡ് പ്രതിസന്ധിമൂലം 22-7-2021 വരെ 1556715 പ്രവാസി മലയാളികൾ നാട്ടിലേക്ക് മടങ്ങിയെത്തിയിട്ടുണ്ട്. ഇതിൽ തൊഴിൽ നഷ്ടപ്പെട്ടവർ 1113997 പേരാണ്.

(ബി) തിരികെ ഗൾഫ് നാടുകളിലേയ്ക്ക് മടങ്ങുന്ന പ്രവാസികൾക്ക് നൽകിയ വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ കേന്ദ്ര സർക്കാരിന്റെ മുദ്രണവും ബാച്ച് നമ്പറും ഇല്ലാത്തത് കാരണമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വാക്സിനേഷൻ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് പ്രവാസികൾക്ക് വാക്സിനേഷന് ശേഷം ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളിൽ പാസ്പോർട്ട് നമ്പർ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കോവിഡ് മഹാമാരി കാരണം മടങ്ങിയെത്തുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായമായ 5,000 രൂപ അനുവദിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് ഇതിനകം ധനസഹായം അനുവദിച്ചു?